**ഭരണഭാഷ-മാതൃഭാഷ**

# ആനക്കയം ഗ്രാമ പഞ്ചായത്ത്
## പിൻ കോഡ്- 676509 ഫോൺ നമ്പർ : 0483-2848622
## ഇമെയിൽ : mpmanakkayamgp@gmail.com

**നമ്പർ: 5405-2026** **തീയതി : 22-01-2026**

പ്രേഷകൻ

സെക്രട്ടറി
ആനക്കയം ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു.പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണവകുപ്പ് തിരുവനന്തപുരം (ഉചിതമാർഗ്ഗേണ)

സർ,

വിഷയം: ആനക്കയം പഞ്ചായത്ത്-ഡാറ്റാ പ്യൂരിഫിക്കേഷന് അനുമതി നല്കുന്നത് സംബന്ധിച്ച്.

സൂചന: 1. ശ്രീ.അച്യുതൻ കണ്ണംപുലാക്കൽ എന്നവർ സി.എം.ഒ പോർട്ടലിൽ സമർപ്പിച്ച G2251200361 ഡോക്കറ്റ് നമ്പർ പരാതി.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

ആനക്കയം ഗ്രാമപഞ്ചായത്ത് പരിധിയിൽ ശ്രീ.അച്യുതൻ കണ്ണംപുലാക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2006-07 സാമ്പത്തികവർഷത്തിൽ അന്നത്തെ വാർഡ് നമ്പർ പ്രകാരം 10/160B എന്ന കെട്ടിടനമ്പർ അനുവദിച്ചിരുന്നുവെന്നും എന്നാൽ 2013 ലെ കെട്ടിടനികുതിപരിഷ്ക്കരണത്തിനു ശേഷം ടിയാന്റെ കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയരേഖകളിലോ കെസ്മാർട്ട് രേഖകളിലോ ഇല്ലാത്തതിനാൽ ടിയാന് നിലവിൽ കെട്ടിടനികുതി അടവാക്കാനാവുന്നില്ല എന്നു കാണിച്ച് ടിയാൻ ബഹു.മുഖ്യമന്ത്രിയുടെ പരാതിപരിഹാരപോർട്ടലിൽ സൂചന പ്രകാരം പരാതി സമർപ്പിച്ചിട്ടുണ്ട്.ആയത് പ്രകാരം നടത്തിയ പരിശോധനയിൽ അന്നത്തെ അസസ്സ് മെന്റ് രജിസ്റ്ററിൽ ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും ടി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിലോ ,കെസ്മാർട്ട് സോഫ്റ്റ് വെയറിലോ രേഖപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്തതിനാൽ ടിയാന് കെട്ടിടനികുതി അടവാക്കുവാൻ കഴിയുന്നില്ല.ആയതിനാൽ മുൻകാലങ്ങളിലെ അസസ്സ് മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കെസ്മാർട്ട് സോഫ്റ്റ് വെയറിൽ ഉൾപ്പെടാത്തതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനായി ഡാറ്റാ പ്യൂരിഫിക്കേഷന് അനുമതി നല്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by Uma P N
Date: 2026.01.22 11:00:15 IST
Reason: KSMART

സെക്രട്ടറി